എ.വൈ.ആർ

സൂറ-10

# യൂനുസ്

إِنَّ ٱلَّذِينَ لَا يَرْجُونَ لِقَآءَنَا وَرَضُوا۟ بِٱلْحَيَوٰةِ ٱلدُّنْيَا وَٱطْمَأَنُّوا۟
بِهَا وَٱلَّذِينَ هُمْ عَنْ ءَايَـٰتِنَا غَـٰفِلُونَ ﴿٧﴾
أُو۟لَـٰٓئِكَ مَأْوَىٰهُمُ ٱلنَّارُ بِمَا كَانُوا۟ يَكْسِبُونَ ﴿٨﴾
إِنَّ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ يَهْدِيهِمْ رَبُّهُم بِإِيمَـٰنِهِمْ ۖ تَجْرِى مِن
تَحْتِهِمُ ٱلْأَنْهَـٰرُ فِى جَنَّـٰتِ ٱلنَّعِيمِ ﴿٩﴾
دَعْوَىٰهُمْ فِيهَا سُبْحَـٰنَكَ ٱللَّهُمَّ وَتَحِيَّتُهُمْ فِيهَا سَلَـٰمٌ ۚ وَءَاخِرُ
دَعْوَىٰهُمْ أَنِ ٱلْحَمْدُ لِلَّهِ رَبِّ ٱلْعَـٰلَمِينَ ﴿١٠﴾
۞ وَلَوْ يُعَجِّلُ ٱللَّهُ لِلنَّاسِ ٱلشَّرَّ ٱسْتِعْجَالَهُم بِٱلْخَيْرِ لَقُضِىَ إِلَيْهِمْ أَجَلُهُمْ ۖ
فَنَذَرُ ٱلَّذِينَ لَا يَرْجُونَ لِقَآءَنَا فِى طُغْيَـٰنِهِمْ يَعْمَهُونَ ﴿١١﴾
وَإِذَا مَسَّ ٱلْإِنسَـٰنَ ٱلضُّرُّ دَعَانَا لِجَنۢبِهِۦٓ أَوْ قَاعِدًا
أَوْ قَآئِمًا فَلَمَّا كَشَفْنَا عَنْهُ ضُرَّهُۥ مَرَّ كَأَن لَّمْ يَدْعُنَآ إِلَىٰ ضُرٍّ
مَّسَّهُۥ ۚ كَذَٰلِكَ زُيِّنَ لِلْمُسْرِفِينَ مَا كَانُوا۟ يَعْمَلُونَ ﴿١٢﴾

**7** എന്നാൽ, നമ്മെ കണ്ടുമുട്ടുമെന്ന് പ്രതീക്ഷിക്കാതെ ഭൗതിക ജീവിതംകൊണ്ട് തൃപ്തിപ്പെടുകയും അതിൽതന്നെ സമാധാനം കൊള്ളുകയും ചെയ്തവരും നമ്മുടെ ദൃഷ്ടാന്തങ്ങളിൽ അശ്രദ്ധരായവരുമുണ്ടല്ലോ.

**8** അവരാർജിച്ച കർമ ദോഷങ്ങളുടെ ഫലമായി അവരുടെ അന്തിമ സങ്കേതം നരകമാകുന്നു.

**9** സത്യം സ്വീകരിക്കുകയും സൽകർമങ്ങളാചരിക്കുകയും ചെയ്തവരോ, അവരുടെ സത്യവിശ്വാസത്താൽ വിധാതാവ് അവരെ നേർവഴിക്ക് നയിക്കുന്നു. അനുഗൃഹീതമായ തോപ്പുകളിൽ അവർക്കുതാഴെ ആറുകളൊഴുകിക്കൊണ്ടിരിക്കും.

**10** അവിടെ അവരുടെ സ്തോത്രം 'അല്ലാഹുവേ നീ അതീവ പരിശുദ്ധൻ' എന്നായിരിക്കും. സലാം (പരമശാന്തി) എന്നായിരിക്കും അഭിവാദനം. അവരുടെ സകലകാര്യങ്ങളുടെയും പര്യവസാനം 'സർവസ്തുതിയും സർവലോക നാഥനായ അല്ലാഹുവിനാകുന്നു' എന്ന വചനത്തിലായിരിക്കും.

**11** ജനങ്ങൾ ഈ ലോകത്തു ഗുണം തേടുന്നതിൽ ധൃതിപ്പെടുന്നതുപോലെ അവർക്ക് ദോഷമണക്കുന്നതിൽ അല്ലാഹു ധൃതിപ്പെടുകയാണെങ്കിൽ, അവരുടെ ജീവിതാവധി എന്നോ അവസാനിച്ചിട്ടുണ്ടാകുമായിരുന്നു. എന്നാൽ നമ്മെ കണ്ടുമുട്ടുമെന്ന് പ്രതീക്ഷിക്കാത്തവരെ നാം അവരുടെ ധിക്കാരത്തിൽ വിഹരിക്കാൻ വിട്ടയക്കുകയാകുന്നു.

**12** മനുഷ്യനെ ക്ലേശം ബാധിച്ചാൽ നിന്നും ഇരുന്നും കിടന്നുമൊക്കെ നമ്മോട് പ്രാർഥിച്ചുകൊണ്ടിരിക്കുന്നു. നാം ആ ക്ലേശം അകറ്റിയപ്പോഴോ, അവൻ പീഡ ബാധയാൽ നമ്മോട് പ്രാർഥിച്ചിട്ടേയില്ല എന്ന മട്ടിൽ നടക്കുകയായി. ഇവ്വിധം അതിരുവിടുന്നവർക്ക് അവരുടെ നടപടികൾ ഭൂഷണമാക്കപ്പെട്ടിരിക്കുന്നു.

إِنَّ ٱلَّذِينَ لَا يَرْجُونَ= പ്രതീക്ഷിക്കാത്തവർ(ക്കാതെ) لِقَآءَنَا= നമ്മുടെ കണ്ടുമുട്ടൽ(നമ്മെ കണ്ടുമുട്ടുമെന്ന്)
وَرَضُوا۟= അവർ തൃപ്തിപ്പെട്ടു(ടുകയും) بِٱلْحَيَوٰةِ ٱلدُّنْيَا= ഭൗതിക ജീവിതം കൊണ്ട്(മാത്രം)
وَٱطْمَأَنُّوا۟= അവർ സമാധാനിച്ചു(സമാധാനംകൊള്ളുകയും ചെയ്തവരും) بِهَا= അതുകൊണ്ട്(അതിൽതന്നെ)
وَٱلَّذِينَ= യാതൊരുത്തരും هُمْ= അവർ عَنْ ءَايَـٰتِنَا= നമ്മുടെ ദൃഷ്ടാന്തങ്ങളിൽ غَـٰفِلُونَ= അശ്രദ്ധരാകുന്നു(രായവരുമുണ്ടല്ലോ)
أُو۟لَـٰٓئِكَ= അവർ مَأْوَىٰهُمُ= അവരുടെ അന്തിമസങ്കേതം ٱلنَّارُ= നരകമാകുന്നു

بِمَا كَانُوا۟ يَكْسِبُونَ= (ആർജിച്ച കർമദോഷങ്ങളുടെ ഫലമായി) അവർ ആർജിച്ചിരുന്നതിന്

إِنَّ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ= (രോ) സത്യം സ്വീകരിക്കുകയും സൽകർമങ്ങളാചരിക്കുകയും ചെയ്തവർ

يَهْدِيهِمْ= അവരെ നേർവഴിക്കു നയിക്കുന്നു رَبُّهُم= അവരുടെ നാഥൻ بِإِيمَـٰنِهِمْ= അവരുടെ സത്യവിശ്വാസത്താൽ

تَجْرِى= ഒഴുകുന്നു مِن تَحْتِهِمُ= അവർക്കുതാഴെ ٱلْأَنْهَـٰرُ= ആറുകൾ فِى جَنَّـٰتِ= തോപ്പുകളിൽ ٱلنَّعِيمِ= അനുഗൃഹീതമായ

دَعْوَىٰهُمْ فِيهَا= (സ്തോത്രം) അവിടെ അവരുടെ പ്രാർഥന سُبْحَـٰنَكَ ٱللَّهُمَّ= (എന്നായിരിക്കും) അല്ലാഹുവേ നീ അതീവ പരിശുദ്ധൻ

وَتَحِيَّتُهُمْ فِيهَا= അവിടെ അവരുടെ അഭിവാദനം سَلَـٰمٌ= (എന്നായിരിക്കും) സലാം-പരമശാന്തി

وَءَاخِرُ دَعْوَىٰهُمْ= (സകലകാര്യങ്ങളുടെയും പര്യവസാനം) അവരുടെ അവസാന പ്രാർഥന أَنِ= എന്തെന്നാൽ

ٱلْحَمْدُ لِلَّهِ رَبِّ ٱلْعَـٰلَمِينَ= (എന്ന വചനത്തിലായിരിക്കും) സർവസ്തുതിയും സർവലോകനാഥനായ അല്ലാഹുവിനാകുന്നു

وَلَوْ يُعَجِّلُ ٱللَّهُ= അല്ലാഹു ധൃതികാട്ടുകയാണെങ്കിൽ لِلنَّاسِ= ജനങ്ങൾക്ക് ٱلشَّرَّ= (അണക്കാൻ) തിന്മയെ, ദോഷത്തെ, ശിക്ഷയെ

ٱسْتِعْجَالَهُم= (അവർ ധൃതിപ്പെടുന്നതുപോലെ) അവരുടെ ധൃതിയെ بِٱلْخَيْرِ = (ഗുണം തേടുന്നതിൽ) നന്മകൊണ്ട്

لَقُضِىَ= (അവസാനിച്ചിട്ടുണ്ടാകുമായിരുന്നു) തീർച്ചയായും വിധിക്കപ്പെട്ടു കഴിഞ്ഞു إِلَيْهِمْ= അവരിലേക്ക്

أَجَلُهُمْ= (ജീവിത) അവരുടെ അവധി فَنَذَرُ= (കയാകു) പക്ഷേ നാം വിട്ടയക്കുന്നു എന്നാൽ, ٱلَّذِينَ لَا يَرْجُونَ= പ്രതീക്ഷിക്കാത്തവരെ

لِقَآءَنَا= (നമ്മെ കണ്ടുമുട്ടുമെന്ന്) നമ്മുടെ കണ്ടുമുട്ടലിനെ فِى طُغْيَـٰنِهِمْ= (ധിക്കാരത്തിൽ) അവരുടെ അതിരുകവിച്ചിലിൽ

يَعْمَهُونَ= (ന്നവരായി, രിക്കാൻ) അവർ വിഹരിക്കുന്നു وَإِذَا مَسَّ= സ്പർശിച്ചാൽ, ബാധിച്ചാൽ ٱلْإِنسَـٰنَ= മനുഷ്യനെ

ٱلضُّرُّ= പീഡ, ക്ലേശം دَعَانَا= (കൊണ്ടിരിക്കുന്നു) അവൻ നമ്മോടു പ്രാർഥിച്ചു لِجَنۢبِهِۦٓ= (കിടന്നും) അവന്റെ വശത്തിന്

أَوْ قَاعِدًا= അല്ലെങ്കിൽ ഇരുന്നും أَوْ قَآئِمًا= (ം) അല്ലെങ്കിൽ നിന്ന് فَلَمَّا كَشَفْنَا= (അകറ്റിയപ്പോഴോ) നാം വെളിപ്പെടുത്തിയപ്പോൾ, നീക്കിയപ്പോൾ

عَنْهُ= അവനിൽനിന്ന് ضُرَّهُۥ= അവന്റെ(ആ) പീഡയെ مَرَّ= (നടക്കുകയായി) അവൻ നടന്നു

كَأَن لَّمْ يَدْعُنَآ= അവൻ നമ്മോട് പ്രാർഥിച്ചിട്ടില്ല എന്ന പോലെ إِلَىٰ ضُرٍّ مَّسَّهُۥ= (പീഡബാധയാൽ) അവനെ ബാധിച്ച പീഡയിലേക്ക്

كَذَٰلِكَ= ഇപ്രകാരം, ഇവ്വിധം زُيِّنَ= അലങ്കാരമാക്കപ്പെട്ടു, ഭൂഷണമാക്കപ്പെട്ടിരിക്കുന്നു لِلْمُسْرِفِينَ= അതിരുവിടുന്നവർക്ക്

مَا كَانُوا۟ يَعْمَلُونَ= (അവരുടെ നടപടികൾ) അവർ ചെയ്തുകൊണ്ടിരുന്നത്

**7,8:** പ്രപഞ്ചത്തിൽ പരന്നുകിടക്കുന്ന ദൃഷ്ടാന്തങ്ങളൊന്നും കാണാനോ അംഗീകരിക്കാനോ കൂട്ടാക്കാതെ, ഒരുനാൾ പ്രപഞ്ചകർത്താവിന്റെ മുമ്പിൽ ഹാജരായി ജീവിതത്തിന്റെ കണക്ക് ബോധിപ്പിച്ച് രക്ഷാശിക്ഷകളേറ്റുവാങ്ങേണ്ടിവരുമെന്ന സത്യം നിഷേധിച്ചും ക്ഷണികമായ ഭൗതികജീവിതത്തിന്റെ ക്ഷുദ്ര സുഖങ്ങളിൽ അഭിരമിച്ചും, അതിനപ്പുറം ഒരു പാരത്രിക ജീവിതമോ രക്ഷാശിക്ഷകളോ ഒന്നുമില്ലെന്നു സമാധാനിച്ചും കഴിയുന്ന ഭൗതിക പ്രമത്തരുടെ പര്യവസാനം വ്യക്തമാക്കുകയാണീ സൂക്തങ്ങൾ.

ആശയെന്നും പ്രതീക്ഷയെന്നും അർഥമുള്ള رجاءൽനിന്നുള്ള ക്രിയയാണ് يَرْجُونَ. നല്ലതിനെക്കുറിച്ചാകുമ്പോൾ رجاء ആശയും, ചിന്തയെക്കുറിച്ചാകുമ്പോൾ ആശങ്കയുമാകുന്നു. അല്ലാഹുവിനെ കണ്ടുമുട്ടുക സജ്ജനങ്ങളെ സംബന്ധിച്ചേടത്തോളം ആശയും ശുഭപ്രതീക്ഷയുമാണെങ്കിൽ ദുർജനങ്ങളെ സംബന്ധിച്ചേടത്തോളം ആശങ്കയും അപകടഭയവുമാണ്. لِقَآءَنَا എന്നതിന്റെ നേർക്കുനേരെയുള്ള അർഥം, നമ്മുടെ കണ്ടുമുട്ടൽ എന്നാണ്. ഉദ്ദേശ്യം, അല്ലാഹു അവരെ കണ്ടുമുട്ടും എന്നാവാം, അവർ അല്ലാഹുവിനെ കണ്ടുമുട്ടും എന്നുമാവാം; ഫലത്തിൽ രണ്ടും ഒന്നുതന്നെ.

**9,10:** പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളിലൂടെ അല്ലാഹുവിനെയും സ്വന്തം ജീവിത കർമത്തെയും കണ്ടെത്തുന്ന ദൈവഭക്തന്മാരുടെ സൽഗതിയെയാണ് ഈ സൂക്തങ്ങളിൽ ഉണർത്തുന്നത്. ഇവിടെ هداية (നേർവഴിക്ക് നയിക്കൽ) കൊണ്ടുദ്ദേശ്യം, ഉദ്ദിഷ്ടലക്ഷ്യത്തിലേക്കുള്ള മാർഗദർശനമാണ്. بِإِيمَـٰنِهِمْ (അവരുടെ ഈമാനിനാൽ) എന്നതിനർഥം, അവരുടെ ഈമാൻ കാരണമായി എന്നാവാം, അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവരുടെ ഈമാൻ തന്നെ അവരെ സന്മാർഗത്തിലേക്ക് നയിക്കുന്നു എന്നുമാവാം; രണ്ടായാലും സാരം ഒന്നുതന്നെയാണ്. അതായത്, സത്യവിശ്വാസത്താൽ അവർ അർഹിക്കുന്ന സ്ഥാനമാനങ്ങളിലേക്കും താവളങ്ങളിലേക്കും നയിക്കപ്പെടും. അവിടെയെത്തിയാൽ എവിടെത്തിരിഞ്ഞുനോക്കിയാലും അവർ സത്യം സത്യമായും മിഥ്യ മിഥ്യയായും വ്യക്തമായി വേർതിരിഞ്ഞു കാണുന്നു. ഈ നേർക്കാഴ്ച (عين اليقين) ഉണ്ടാകുമ്പോൾ അവർ അല്ലാഹുവിനെ പ്രകീർത്തിച്ചു പോകുന്നു. 'അല്ലാഹുവേ നീ അതീവ പരിശുദ്ധൻ തന്നെ'( سُبْحَـٰنَكَ ٱللَّهُمَّ). അതായത്, പ്രപഞ്ച നിരീക്ഷണത്തിലൂടെ ഞങ്ങൾ കണ്ടെത്തിയ കാര്യം, ഇതൊരു കളിക്കുട്ടിയുടെ കളിക്കോപ്പല്ല; ലക്ഷ്യോന്മുഖവും യുക്തി യുക്തവും സൗന്ദര്യാത്മകവുമായ ആവിഷ്കാരമാണെന്നും ഇതിന്റെ കർത്താവ് പാഴ്വേലകൾക്കതീതനും വിശുദ്ധനുമാണെന്നുമുള്ള അറിവ് പൂർണ സത്യമായിരുന്നുവെന്ന് ഇതാ തങ്ങൾക്ക് നേരിട്ടനുഭവവേദ്യമായിരിക്കുന്നു.

വിശ്വാസികളുടെ വിജയാഹ്ലാദത്തെ സൂചിപ്പിക്കുന്നതാണ് تَحِيَّتُهُمْ فِيهَا سَلَـٰمٌ (അവിടെ അവരുടെ അഭിവാദനം 'സലാം' ആയിരിക്കും) എന്ന വാക്യം. മത്സരത്തിൽ വിജയിച്ച ടീമംഗങ്ങളെ പോലെ വിശ്വാസികൾ പരസ്പരം സലാം ആശംസിച്ചുകൊണ്ടിരിക്കും. സജ്ജനത്തിന് ലഭിക്കുന്ന അളവറ്റ അനുഗ്രഹങ്ങൾക്കുള്ള നന്ദിപ്രകടനമാണ് ٱلْحَمْدُ لِلَّهِ رَبِّ ٱلْعَـٰلَمِينَ. അവരുടെ അവസാന പ്രാർഥന, അല്ലെങ്കിൽ പ്രാർഥനയുടെ അവസാനം എന്നാണ് ءَاخِرُ دَعْوَىٰهُمْ എന്നതിന്റെ അർഥം. പരലോകത്ത് മാത്രമല്ല ഇഹലോകത്തും സത്യവിശ്വാസികൾ എല്ലാ

കാര്യങ്ങളുടെയും അവസാനത്തില്‍ اَلْحَمْدُ لِلَّهِ رَبِّ الْعَالَمِينَ എന്നുപറയുന്നവരും പറയേണ്ടവരുമാണ്. ഇമാം മുസ്‌ലിം നിവേദനം ചെയ്ത ഒരു ഹദീസില്‍ നബി(സ) പ്രസ്താവിക്കുന്നു: "ഒരു ഭക്ഷണം കഴിച്ചിട്ട് അതിന്റെ പേരില്‍ അല്ലാഹുവിനെ സ്തുതിക്കുന്ന, അല്ലെങ്കില്‍ ഒരു പാനീയം കുടിച്ചിട്ട് അതിന്റെ പേരില്‍ അല്ലാഹുവിനെ സ്തുതിക്കുന്ന അടിമയോട് തീര്‍ച്ചയായും അല്ലാഹു സംപ്രീതനാകുന്നതാണ്." വിശ്വാസികളുടെ എല്ലാ കാര്യങ്ങളുടെയും അവസാനം 'അല്‍ഹംദുലില്ലാഹി റബ്ബില്‍ ആലമീന്‍' എന്നായിരിക്കല്‍ സുന്നത്താണെന്ന് ഈ സൂക്തത്തെയും നബിവചനത്തെയും ആധാരമാക്കിക്കൊണ്ട് പണ്ഡിതന്മാര്‍ നിര്‍ദേശിച്ചിരിക്കുന്നു. ഈ സൂക്തത്തെ ചില പണ്ഡിതന്മാര്‍ ഇങ്ങനെയും വ്യാഖ്യാനിച്ചിട്ടുണ്ട്: സ്വര്‍ഗത്തിലെത്തുന്ന സജ്ജനങ്ങള്‍ അല്ലാഹുവിനോട് ആത്മീയമോ ശാരീരികമോ ആയ എന്താവശ്യങ്ങള്‍ ഉന്നയിക്കുന്നതിന്റെയും തുടക്കം سُبْحَانَكَ اللَّهُمَّ എന്നായിരിക്കും; അവര്‍ എല്ലാ കാര്യങ്ങളും അവസാനിപ്പിക്കുന്നത് اَلْحَمْدُ لِلَّهِ رَبِّ الْعَالَمِينَ എന്ന വാക്യത്തിലുമായിരിക്കും. دعوىക്ക് പ്രാര്‍ഥന, വിളി, വാദം എന്നൊക്കെ അര്‍ഥമുണ്ട്. ഈ അര്‍ഥങ്ങളെല്ലാം പ്രകൃത സന്ദര്‍ഭത്തില്‍ സാധുവാകുന്നു.

പരലോക നിഷേധികള്‍ ഭൗതിക ജീവിതംകൊണ്ട് തൃപ്തിപ്പെടുകയും അതില്‍തന്നെ സന്തുഷ്ടരാവുകയും സമാധാനം കൊള്ളുകയും ഒടുവില്‍ ശാശ്വത നരകത്തില്‍ പതിക്കുകയും ചെയ്യുമ്പോള്‍, തങ്ങള്‍ ഭൗതിക ജീവിതത്തില്‍ അവലംബിച്ച വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും പേരില്‍ നെടുംഖേദത്തിലാവുകയും പരസ്പരം ശപിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. വിശ്വാസികളാകട്ടെ തങ്ങളുടെ വിശ്വാസത്താല്‍ സ്വര്‍ഗത്തിലേക്ക് നയിക്കപ്പെടുകയും അവിടെ അല്ലാഹുവിനെ പ്രകീര്‍ത്തിച്ചുകൊണ്ട് ഏതൊരാഗ്രഹവും നിഷ്പ്രയാസം നേടുകയും ആ സൗഭാഗ്യം കൊണ്ടനുഗൃഹീതരായവര്‍ പരസ്പരം സമാധാനമാശംസിക്കുകയും ചെയ്യുന്നു. എല്ലാ കാര്യങ്ങളും തസ്ബീഹ് കൊണ്ട് തുടങ്ങുന്ന അവര്‍ എല്ലാ കാര്യങ്ങളും തഹ്മീദ് കൊണ്ട് അവസാനിപ്പിക്കുന്നു.

**11,12:** മനുഷ്യന്‍ ദൈവദൂതനാകുന്നതില്‍ അത്ഭുതത്തിനവകാശമില്ലെന്നുണര്‍ത്തിക്കൊണ്ട് ഏകദൈവത്വത്തിന്റെയും പ്രവാചകത്വത്തിന്റെയും യാഥാര്‍ഥ്യത്തിലേക്ക് വിരല്‍ചൂണ്ടുന്ന പ്രാപഞ്ചിക ദൃഷ്ടാന്തങ്ങള്‍ ചൂണ്ടിക്കാണിച്ചുവല്ലോ മുന്‍ സൂക്തങ്ങള്‍. തുടര്‍ന്ന് ഈ സൂറയുടെ അവതരണ പശ്ചാത്തലം താല്‍പര്യപ്പെടുന്നതനുസരിച്ച്, മനുഷ്യ ജീവിതത്തില്‍ ദൈവത്തിന്റെ ഇടപെടല്‍ സംബന്ധിച്ച ചില തത്ത്വങ്ങള്‍ വിശദീകരിക്കുകയാണ് ഈ സൂക്തങ്ങളില്‍.

يُعَجِّلُ എന്ന വാക്ക് عجلة എന്ന മൂലത്തില്‍നിന്നുള്ള സകര്‍മക വര്‍ത്തമാന ക്രിയയാണ്. ധൃതി, ബദ്ധപ്പാട്, ആര്‍ത്തി എന്നൊക്കെയാണ് عجلةന് അര്‍ഥം. يعجل الله للناس الشرّ إستعجالا مثل إستعجالهم എന്നാണാവാക്കിന്റെ യഥാര്‍ഥ രൂപമെന്ന് ഭാഷാ പണ്ഡിതന്മാര്‍ വിശദീകരിച്ചിരിക്കുന്നു. مثل إستعجالهم എന്ന വാക്കിനെ അനുക്തമാക്കി അതിലെ هم എന്ന സര്‍വനാമം ആദ്യത്തെ إستعجالല്‍ ചേര്‍ത്തിരിക്കുകയാണ്. അവധി അവസാനിക്കലും ആയുസ്സൊടുങ്ങലുമാണ് قضاء الاجل. ഇവിടെ ഉപയോഗിച്ചിരിക്കുന്ന قُضِيَഎന്ന പദം قضى എന്ന ക്രിയയുടെ കര്‍മണി പ്രയോഗമാണ്. ഒരു സംഗതിയില്‍ ഭ്രമിച്ച് അങ്ങോട്ടുമിങ്ങോട്ടും നടന്നു എന്ന അര്‍ഥത്തിലുള്ള عمه യുടെ വര്‍ത്തമാന ബഹുവചന ക്രിയാ രൂപമാണ് يَعْمَهُونَ. അവശതയും നിസ്സഹായതയും മൂലം എഴുന്നേല്‍ക്കാന്‍ പോലും കഴിയാത്ത പതനത്തില്‍ പ്രാര്‍ഥിക്കുന്നതിനാണ് دعى لجنبه എന്നു പറയുക. അത്രതന്നെ പരവശമല്ലെങ്കിലും തന്റെ ക്ലേശം പരിഹരിക്കുന്നതിന് ഫലപ്രദമായ എന്തെങ്കിലും പ്രവര്‍ത്തനം നടത്താന്‍ കഴിയാതെ കുത്തിയിരിക്കേണ്ടി വരുമ്പോഴുള്ള പ്രാര്‍ഥന دعى قاعدا. ക്ലേശത്തിനു പരിഹാരമാര്‍ഗങ്ങളുണ്ടായിരിക്കുകയും അതില്‍ ഏര്‍പ്പെടുകയും ചെയ്തുകൊണ്ട് പ്രാര്‍ഥിച്ചാല്‍ دعى قائما. ക്ലേശബാധകളുടെ എല്ലാ അവസ്ഥയിലുമുള്ള പ്രാര്‍ഥനകളെ അവയുടെ ക്രമത്തില്‍ പരാമര്‍ശിച്ചിരിക്കുകയാണ് دَعَانَا لِجَنْبِهِۦٓ أَوْ قَاعِدًا أَوْ قَآئِمًا എന്ന വാക്യത്തിലൂടെ.

സൂക്തത്തിന്റെ അവതരണ പശ്ചാത്തലം ഇതാണ്: ഒരു സാധാരണ മനുഷ്യനായ മുഹമ്മദ് ദൈവദൂതനാവുക സാധ്യമല്ല എന്നു വാദിച്ച അറേബ്യന്‍ വിഗ്രഹാരാധകര്‍ പ്രവാചകനോടാവശ്യപ്പെട്ടു. നീ പ്രവാചകന്‍ തന്നെയാണെങ്കില്‍, നിന്റെ ധര്‍മോപദേശം സ്വീകരിച്ചില്ലെങ്കില്‍ ഞങ്ങള്‍ക്കു വന്നുഭവിക്കുമെന്ന് ഭീഷണിപ്പെടുത്തുന്ന ആ വിപത്തുകളും ശിക്ഷകളുമൊക്കെ ഒന്നു വരുത്തിക്കാണിച്ചാട്ടെ. സൂറ *അല്‍അന്‍ഫാല്‍* 32-ാം സൂക്തത്തില്‍ അവരെ ഇങ്ങനെ ഉദ്ധരിക്കുന്നുണ്ട്:

اللَّهُمَّ إِن كَانَ هَٰذَا هُوَ الْحَقَّ مِنْ عِندِكَ فَأَمْطِرْ عَلَيْنَا حِجَارَةً

مِّنَ السَّمَآءِ أَوِ ائْتِنَا بِعَذَابٍ أَلِيمٍ

(അല്ലാഹുവേ, ഇതു വാസ്തവത്തില്‍ നിന്റെ പക്കല്‍നിന്നുള്ള സത്യം തന്നെയാണെങ്കില്‍ ഞങ്ങള്‍ക്കുമീതെ മാനത്തുനിന്ന് കല്ലുകള്‍ വര്‍ഷിക്ക്, അല്ലെങ്കില്‍ നോവുന്ന മറ്റേതെങ്കിലും ശിക്ഷയിറക്ക്). അവരുടെ പ്രവാചക വിരോധത്തിന്റെയും സത്യനിഷേധത്തിന്റെയും രൂക്ഷതയാണിതു വെളിപ്പെടുത്തുന്നത്. പ്രവാചകന്‍ യഥാര്‍ഥ ദൈവദൂതന്‍ തന്നെയാണോ, ഖുര്‍ആന്‍ ദൈവിക വചനമാണോ എന്ന സന്ദേഹമായിരുന്നു പ്രശ്നമെങ്കില്‍ അവര്‍ പ്രാര്‍ഥിക്കേണ്ടത്, 'അല്ലാഹുവേ, ഇത് യഥാര്‍ഥത്തില്‍ നിന്റെ പക്കല്‍നിന്നുള്ളതാണെങ്കില്‍ അതില്‍ വിശ്വസിക്കാന്‍ ഞങ്ങള്‍ക്കു നീ ഉതവിയരുളേണമേ' എന്നായിരുന്നു. ഇതെപ്പറ്റി സൂറ *അര്‍റഅ്ദ്* 6-ാം സൂക്തത്തില്‍ وَيَسْتَعْجِلُونَكَ بِالسَّيِّئَةِ قَبْلَ الْحَسَنَةِ (നിന്നോടവര്‍ നന്മക്കുമുമ്പേ തിന്മക്കു ധൃതികൂട്ടുന്നു) എന്ന് പ്രസ്താവിച്ചിരിക്കുന്നു. സ്വന്തം നാശത്തിനുവേണ്ടി അല്ലാഹുവിനോട് പ്രാര്‍ഥിക്കുന്നതിനു തുല്യമാണിത്. സ്വന്തം നാശത്തിനുവേണ്ടി പ്രാര്‍ഥിക്കുക എന്നതു തന്നെ ഒരു പാപമാണ്. നബി(സ) പ്രസ്താവിച്ചതായി അബൂദാവൂദും അബൂബക്കറുല്‍ ബസ്സാറും നിവേദനം ചെയ്യുന്നു: "നിങ്ങള്‍ നിങ്ങള്‍ക്കെതിരെ പ്രാര്‍ഥിക്കരുത്. നിങ്ങളുടെ മക്കള്‍ക്കെതിരെയും പ്രാര്‍ഥിക്കരുത്. നിങ്ങളുടെ മുതലുകള്‍ക്കെതിരെയും പ്രാര്‍ഥിക്കരുത്. അത്തരം പ്രാര്‍ഥനകള്‍ അല്ലാഹു ഉത്തരം നല്‍കുന്ന സമയവുമായി ഒത്തുവരാനിടയായിക്കൂടാ. അങ്ങനെ ഒത്തുവന്നാല്‍ അവന്‍ നിങ്ങള്‍ക്ക് ഉത്തരം തരും" (മുതലുകള്‍ക്കെതിരെ പ്രാര്‍ഥിക്കുക എന്നു പറഞ്ഞത്, വളര്‍ത്തു മൃഗങ്ങളില്‍നിന്ന് അനുസരണക്കേടുണ്ടാവുകയോ വാഹനങ്ങള്‍ കേടാവുകയോ ചെയ്യുമ്പോള്‍ അവയെ ശപിക്കുന്നതിനെക്കുറിച്ചാണ്). മറ്റൊരു നിവേദനത്തില്‍ നബി(സ) പറയുന്നു: "ഒരു സ്നേഹിതന്‍ തന്റെ സ്നേഹിതനെതിരെ നടത്തുന്ന പ്രാര്‍ഥനക്ക് ഉത്തരം കൊടുക്കരുതെന്ന് ഞാന്‍ അത്യുന്നതനും പ്രതാപവാനുമായ അല്ലാഹുവിനോടപേക്ഷിച്ചിരിക്കുന്നു." നാം അറിഞ്ഞുകൊണ്ട് നമുക്കെതിരെ നടത്തുന്ന ഇത്തരം പ്രാര്‍ഥനകള്‍ക്ക് പ്രവാചകന്റെ അപേക്ഷ മാനിച്ചുകൊണ്ടും ചില ദൈവിക തത്ത്വങ്ങളുടെ പേരിലും അല്ലാഹു പെട്ടെന്ന് ഉത്തരം നല്‍കുന്നില്ല; ആ പ്രാര്‍ഥന, ഏതു പ്രാര്‍ഥനക്കും ഉത്തരം നല്‍കാന്‍ അല്ലാഹു തീരുമാനിച്ച സന്ദര്‍ഭത്തിലായിട്ടില്ലെങ്കില്‍. കോപത്തിന്റെയും നൈരാശ്യത്തിന്റെയും അവസ്ഥയിലാണ് സാധാരണഗതിയില്‍ മനുഷ്യ

നിൽനിന്ന് തനിക്കോ തന്റെ ഉറ്റവർക്കോ ബന്ധുക്കൾക്കോ എതിരായുള്ള പ്രാർഥന ഉണ്ടാകുന്നത്. അതിന്റെ ഉത്തരം പ്രാർഥി യഥാർഥത്തിൽ ഉദ്ദേശിക്കുന്നില്ലെന്ന് അല്ലാഹുവിന്നറിയാം. ചിലർ തങ്ങൾക്ക് യഥാർഥത്തിൽ ദോഷകരമായ കാര്യങ്ങളെ ഗുണകരങ്ങളെന്നു കരുതുകയും അതിനുവേണ്ടി അല്ലാഹുവിനോടു പ്രാർഥിക്കുകയും ചെയ്യും. അത്തരം പ്രാർഥനകളും അല്ലാഹു എളുപ്പം സ്വീകരിക്കുന്നില്ല. ചിലപ്പോൾ തങ്ങളുടെ പ്രാർഥന സഫലമാകാതിരുന്നത് ഭാഗ്യമായി എന്ന് പ്രാർഥിച്ചവർ തന്നെ പിന്നീട് മനസ്സിലാക്കുന്നു. പ്രാർഥനകൾ സ്വീകരിക്കുന്നതുപോലെ ചിലപ്പോൾ സ്വീകരിക്കാതിരിക്കുന്നതും അല്ലാഹുവിന്റെ കാരുണ്യത്തിന്റെ താൽപര്യമാണ്. തന്റെ ആവശ്യം ഉടൻ സഫലമാകണമെന്നാണ് പ്രാർഥി എപ്പോഴും ആഗ്രഹിക്കുക. അല്ലാഹുവിന് ഈ ധൃതിയില്ല. താൻ സ്നേഹിക്കുന്ന ഭക്തന്മാരുടെ പ്രാർഥനയും അവരുടെ ദീർഘകാലാടിസ്ഥാനത്തിലുള്ള നന്മയെ ലക്ഷ്യമാക്കി അവൻ സഫലമാക്കാൻ വിസമ്മതിക്കുന്നു. മനുഷ്യൻ അർഥിക്കുന്നതൊക്കെ ദൈവം ഉടനടി സാധിച്ചു കൊടുക്കുകയാണെങ്കിൽ അവന്റെ കഥ എന്നേ കഴിഞ്ഞിട്ടുണ്ടാകുമായിരുന്നു. അതിന്റെ വ്യക്തമായ ഉദാഹരണമാണ് ദൈവശിക്ഷ അർഥിക്കുന്നവരുടെ പ്രാർഥനയെ അവഗണിക്കുന്നത്. അതു സ്വീകരിക്കപ്പെട്ടിരുന്നുവെങ്കിൽ അതോടെ അവരുടെ ചരിത്രം അവസാനിക്കുമായിരുന്നു. പിന്നീട് അവരിൽ അല്ലെങ്കിൽ അവരുടെ പിൻഗാമികളിൽ സത്യം അംഗീകരിക്കുന്നവരും ധർമം കൈക്കൊള്ളുന്നവരും ഉണ്ടാകുമെന്ന് അവന്നറിയാം. ആ സാധ്യത യാഥാർഥ്യമാകുന്നതിനവസരമുണ്ടാകാൻ അവൻ അവിവേകികളുടെ പ്രാർഥനകൾ അവഗണിക്കുന്നു.

പക്ഷേ, പ്രവാചകൻ താക്കീതുചെയ്യുന്ന ആപത്തുകൾ യാഥാർഥ്യമാക്കി കാണിക്കാൻ നിരന്തരം വെല്ലുവിളിച്ചിട്ടും തങ്ങൾക്ക് ഒരാപത്തും ഉണ്ടായിട്ടില്ല എന്നത് മുഹമ്മദ് നബിയുടെ പ്രവാചകത്വവാദം വ്യാജമാണെന്നതിന്റെ തെളിവായി ഉയർത്തിക്കാണിക്കുകയാണ് അവിശ്വാസികൾ. അങ്ങനെയുള്ളവർക്ക് നാശപ്രാർഥന സ്വീകരിക്കപ്പെടാതിരിക്കുന്നത് ധർമധിക്കാരത്തിൽ കൂടുതൽ വിഹരിക്കാനുള്ള അവസരമായിത്തീരുന്നു.

ആപത്തു തേടുന്ന മനുഷ്യനെ വല്ല ആപത്തും ബാധിച്ചാൽ ഉടനെയവൻ തന്റെ മുൻനിലപാടുകളെല്ലാം മറന്ന് ദൈവത്തിലേക്ക് തിരിയാൻ ധൃതിപ്പെടുന്നത് കാണാം. മുരത്ത ദൈവനിഷേധിപോലും അവസാന കൈയായി കിടന്നും ഇരുന്നും നിന്നുമൊക്കെ അല്ലാഹുവിനോടു പ്രാർഥിക്കുന്നു. അല്ലാഹു പ്രാർഥന കൈക്കൊള്ളുകയും ദുരിതത്തിൽനിന്ന് മോചനമരുളുകയും ചെയ്താലോ, അവൻ ദൈവത്തെ നിഷേധിക്കുകയും മറക്കുകയും ചെയ്യുന്നു. തനിക്ക് നേരത്തെ ദുരിതമുണ്ടായിട്ടുമില്ല, താൻ ദൈവത്തോട് പ്രാർഥിച്ചുമിട്ടുമില്ല എന്ന മട്ടിലായിരിക്കും പിന്നീട് ഭൗതികന്മാരുടെ നടപ്പ്. നാസ്തികരാണെങ്കിൽ ദൈവത്തെ ഓർക്കുകയും പ്രാർഥിക്കുകയും ചെയ്ത കാര്യം തുറന്നു നിഷേധിക്കുക തന്നെ ചെയ്യുന്നു. അതാണ് തങ്ങളുടെ അവസ്ഥക്കും നിലപാടിനും ഭൂഷണമെന്നാണ് അവർ കരുതുന്നത്. كَذَٰلِكَ زُيِّنَ لِلْمُسْرِفِينَ مَا كَانُوا۟ يَعْمَلُونَ എന്നാണ് മൂലവാക്ക്. كَذَٰلِكَ (ഇവ്വിധം) എന്നതുകൊണ്ടുള്ള വിവക്ഷ ഈ മട്ടിലുള്ള നടപ്പാണ്. അലങ്കാരം, സൗന്ദര്യം, ആകർഷണം തുടങ്ങി മനസ്സിനെ രമിപ്പിക്കുന്നതെല്ലാം زينة. ഇതിൽനിന്നുള്ള കർമണി ക്രിയാരൂപമാണ് زُيِّنَ. നല്ലതായി തോന്നിപ്പിക്കപ്പെട്ടു എന്നാണ് വിവക്ഷ. തോന്നിപ്പിച്ചത് സ്വന്തം മനസ്സാവാം, ചെകുത്താനാവാം. മനസ്സിന്റെയും ചെകുത്താന്റെയും സ്രഷ്ടാവ് അല്ലഹുവായതിനാൽ അല്ലാഹുവുമാകാം. 'അവിശ്വാസികളുടെ കർമങ്ങൾ അല്ലാഹു അവർക്ക് ആകർഷകമാക്കി തോന്നിച്ചു' എന്ന് ഖുർആൻ ചില സ്ഥലങ്ങളിൽ പ്രസ്താവിക്കുന്നുണ്ട്. ഉദാ. إِنَّ ٱلَّذِينَ لَا يُؤْمِنُونَ بِٱلْـَٔاخِرَةِ زَيَّنَّا لَهُمْ أَعْمَٰلَهُمْ (പരലോക വിശ്വാസമില്ലാത്തവർക്ക് അവരുടെ ചെയ്തികളെ നാം ആകർഷകമായിത്തോന്നിച്ചിരിക്കുന്നു - 27:4). തിന്മകളോടുള്ള താൽപര്യം പിശാച് ഉളവാക്കുന്നതാണെന്ന് സൂചിപ്പിച്ചുകൊണ്ട് فَزَيَّنَ لَهُمُ ٱلشَّيْطَٰنُ أَعْمَٰلَهُمْ (ചെകുത്താൻ അവർക്ക് സ്വന്തം പ്രവർത്തനങ്ങളെ ഭൂഷണമാക്കിക്കൊടുത്തു) എന്ന് 16:63, 29:38 സൂക്തങ്ങളിൽ പ്രസ്താവിക്കുന്നുണ്ട്. ആകർഷണത്തിന്റെ യഥാർഥ കർത്താവ് ആരായാലും അത് വെളിപ്പെടുന്നത് മനസ്സിലാണ് എന്നതിനാൽ പ്രത്യക്ഷത്തിലുള്ള കർത്താവ് മനുഷ്യ മനസ്സാണ്.

സത്യനിഷേധികളെ ഉദ്ദേശിച്ചാണ് مُسْرِفِينَ എന്നു പറഞ്ഞിട്ടുള്ളത് എന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. അതിരു കവിഞ്ഞവർ, ധൂർത്തന്മാർ, പാഴാക്കുന്നവർ എന്നൊക്കെയാണ് അതിന്റെ ഭാഷാർഥം. വിഗ്രഹങ്ങൾക്ക് സ്വയം സമർപ്പിക്കുക വഴി ആത്മാവിനെയും, ധാർമിക പരിധികൾ ലംഘിക്കുക വഴി സമ്പത്തിനെയും പാഴാക്കുന്നവർ എന്ന പരിഗണനയിലാണ് അവരെ مُسْرِفِينَ എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. مسرفون ൽ സത്യനിഷേധികൾക്കുപുറമെ ദുഷിച്ച നടപടികളിലേർപ്പെടുന്ന വിശ്വാസികളും ഉൾപ്പെടുന്നുവെന്ന് ഇമാം ഖുർത്വുബി അഭിപ്രായപ്പെട്ടിട്ടുണ്ട്. ആഗ്രഹ സാഫല്യത്തിനും ആപത് രക്ഷക്കും അല്ലാഹുവിന്റെ മുമ്പിൽ അതിഭക്തരും വിനീതരുമായി കൈനീട്ടുകയും, കാര്യം നേടിയാൽ അല്ലെങ്കിൽ ആപത്തൊഴിഞ്ഞാൽ എല്ലാം മറന്ന് പഴയ ദുർനടപടികളിലേക്ക് തിരിച്ചു പോവുകയും ചെയ്യുന്നവരെ മുസ്‌ലിംകളുടെ കൂട്ടത്തിലും ധാരാളം കാണാം. ചെകുത്താനിൽനിന്നാണ് അവർക്കതിനു പ്രചോദനം ലഭിക്കുന്നത്. إِذَا مَسَّ ٱلْإِنسَٰنَ ٱلضُّرُّ (മനുഷ്യനെ ക്ലേശം ബാധിച്ചാൽ) എന്നു പറഞ്ഞതിനു ശേഷം സാധാരണ രീതിയിൽ പറയേണ്ടിയിരുന്നത് فإذا كشفنا عنه ضره (നാം അവന്റെ ക്ലേശം അകറ്റിയാലോ) എന്നായിരുന്നു. 'അകറ്റിയാൽ' എന്നതിനു പകരം 'അകറ്റിയപ്പോൾ' എന്നുപയോഗിച്ചത് ശരിയായ പ്രാർഥനയുടെ അനിവാര്യതയാണ് അതിന്റെ സാഫല്യം എന്നു വ്യഞ്ജിപ്പിക്കുന്നതായി പണ്ഡിതന്മാർ വിശദീകരിച്ചിരിക്കുന്നു.

നാശനഷ്ടങ്ങളുണ്ടാക്കുമ്പോൾ വിനീതരായി ദൈവത്തോടു പ്രാർഥിക്കുകയും അതിൽനിന്നു രക്ഷപ്പെട്ടാൽ അതെല്ലാം മറന്ന് പൂർവോപരി ശക്തിയോടെ ദൈവധിക്കാരത്തിലേക്ക് മടങ്ങുകയും ചെയ്ത ജനതകൾക്ക് ഉദാഹരണമാണ് മൂസാനബിയുടെ കാലത്തെ ഫറവോൻ പ്രഭൃതികൾ- ءَالَ فِرْعَوْنَ. അവരെ തെറ്റായ നടപടികളെക്കുറിച്ചു പുനരാലോചനക്ക് പ്രേരിപ്പിക്കുന്നതിനുവേണ്ടി അല്ലാഹു വെട്ടുകിളി ശല്യം, തവള പ്രളയം പോലുള്ള വിപത്തുകൾ കൊണ്ടു പരീക്ഷിക്കുകയുണ്ടായി. ഓരോ പരീക്ഷണവേളയിലും അവർ മൂസാനബിയെ സമീപിച്ച് അല്ലാഹുവിനോട് പ്രാർഥിപ്പിച്ച് അതിൽനിന്ന് മോചനം നേടുകയായിരുന്നു. ആപത്തകന്നാൽ അവർ പഴയപടി നിഷേധികളും ധിക്കാരികളുമായി മാറിക്കൊണ്ടിരുന്നു. മുഹമ്മദ് നബി മക്കയിൽ പ്രബോധനത്തിലേർപ്പെട്ട കാലത്ത് അല്ലാഹു ഖുറൈശികളെ കൊടിയ ക്ഷാമം കൊണ്ട് പരീക്ഷിക്കുകയുണ്ടായി. അപ്പോൾ ഖുറൈശികൾ അബൂസുഫ്‌യാന്റെ നേതൃത്വത്തിൽ മുഹമ്മദ് നബിയെ സമീപിച്ച് അദ്ദേഹം അല്ലാഹുവിനോട് പ്രാർഥിച്ച് തങ്ങൾക്ക് ക്ഷാമനിവാരണമുണ്ടാക്കണമെന്നപേക്ഷിക്കുകയും അതനുസരിച്ച് നബി പ്രാർഥിക്കുകയും തൽഫലമായി ഖുറൈശികൾ ക്ഷാമത്തിൽനിന്നു മുക്തരാവുകയും ചെയ്തു. പക്ഷേ, അതിനുശേഷം ഖുറൈശികൾ അവരുടെ സത്യനിഷേധത്തിലേക്കും ഇസ്‌ലാം വിരോധത്തിലേക്കും പൂർവോപരി ശക്തിയോടെ തിരിച്ചു പോവുകയാണുണ്ടായത്. ■